**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ തെരുവ് നായ നിയന്ത്രണം - അധിക മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ)നം.2376/2022/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 29/09/2022

പരാമർശം:-1. സ.ഉ(സാധാ)നം.2065/2022/തസ്വഭവ തീയതി 15.09.2022.

2. ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയും ബഹു.മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ് മന്ത്രിയും 22.09.2022 ന് നടത്തിയ യോഗതീരുമാനം.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ തെരുവ് നായ നിയന്ത്രണം സമഗ്രമായി നടപ്പാക്കുന്നതിന്റെ ഭാഗമായി പരാമർശ പ്രകാരം വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിലെ നിർമ്മാണ നിർവ്വഹണ മേഖലകളിലെ ചുമതലകളിന്മേൽ സ്പഷ്ടീകരണം നടത്തിക്കൊണ്ട് ചുവടെ ചേർക്കുന്ന അധിക മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പ്രതിരോധ കത്തിവെയ്പുകൾക്കാവശ്യമായ വാക്സിന്റെ സംഭരണം, വിതരണം, ക്യാമ്പുകൾ സംഘടിപ്പിയ്ക്കൽ, മോണിറ്ററിംഗ് സമിതി രൂപീകരിയ്ക്കൽ, ഡോഗ് ക്യാച്ചേഴ്സ്, മൃഗപരിപാലകർ എന്നിവരെ ജില്ലാ അടിസ്ഥാനത്തിൽ നിയമിയ്ക്കൽ, കുടുംബശ്രീ സംവിധാനവും സന്നദ്ധ സംഘടനകളും ലഭ്യമാക്കുന്ന ഡോഗ് ക്യാച്ചേഴ്സിന് ആവശ്യമായ പരിശീലനം നൽകി നിയോഗിക്കൽ എന്നിവയുടെ ഏകോപനവും നടത്തിപ്പും മൃഗസംരക്ഷണ വകുപ്പിന്റെ നിർവഹണ ഉദ്യോഗസ്ഥർ ചെയ്യേണ്ടതാണ്.

2. പുതിയതായി ആരംഭിക്കുന്ന എ ബി സി കേന്ദ്രത്തിന് സ്ഥലം കണ്ടെത്തുക എന്നത് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാതല ഉദ്യോഗസ്ഥരുടെ സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപന ഭരണസമിതി നടപടി സ്വീകരിക്കേണ്ടതും ഈ പ്രവർത്തനം തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി ഏകോപിപ്പിക്കേണ്ടതുമാണ്. നിർമ്മാണ പ്രവർത്തനങ്ങൾ മൃഗസംരക്ഷണ വകുപ്പിൽ നിന്നുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലും സാങ്കേതിക നിർദ്ദേശങ്ങൾക്കനുസൃതമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്. പരാമർശിത ഉത്തരവിൽ സൂചിപ്പിച്ച അഭയ കേന്ദ്രങ്ങളുടെ നിർമ്മാണം പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) തദ്ദേശസ്വയംഭരണ

എഞ്ചിനീയറായിരിക്കുന്നതാണ്. സംയുക്ത പ്രോജക്ടായി എ ബി സി പ്രവർത്തനം നടത്തുന്ന സാഹചര്യത്തിൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും മറ്റൊരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് ഫണ്ട് കൈമാറുന്നതിനുള്ള പ്രോജക്ടിന്റെയും മേൽ ഉത്തരവിൽ പരാമർശിച്ച വാഹനം വാടകയ്ക്ക് എടുക്കൽ പ്രോജക്ടിന്റെയും നിർവഹണ ഉദ്യോഗസ്ഥനായി സെക്രട്ടറി പ്രവർത്തിക്കേണ്ടതാണ്. ഐ.ഇ.സി.യുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ, മൃഗസംരക്ഷണം, വിദ്യാഭ്യാസം മുതലായ വകുപ്പുകളുടെ സംയോജിതമായ പ്രവർത്തനമായി ഏറ്റെടുക്കണം. ഇത് ജില്ലാ കളക്ടറും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലെ ജനകീയസമിതികളും ഉറപ്പ് വരുത്തണം.

3. അനിമൽ ഷെൽട്ടറുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ പരാമർശിത ഉത്തരവിൽ പ്രതിപാദിച്ചതു പോലെ ജനകീയസമിതിയുടെ മേൽനോട്ടത്തിൽ ഏറ്റേടുക്കേണ്ടതാണ്.

4. വളർത്തു മൃഗങ്ങൾക്കും തെരുവു നായ്ക്കൾക്കും സാർവത്രിക വാക്സിനേഷൻ സമയബന്ധിതമായി പൂർത്തിയാക്കുക, ഐ ഇ സി പ്രവർത്തനം നടത്തുക, എ.ബി.സി. പദ്ധതി സമഗ്രമായി നടപ്പാക്കുക എന്നിവയ്ക്ക് പ്രധാന ഊന്നൽ നൽകണം. തെരുവു നായ്ക്കൾക്കുള്ള വാക്സിനേഷൻ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് റിട്ടയേർഡ് ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരെ ആവശ്യാനുസരണം കണ്ടെത്തി നിയോഗിക്കാവുന്നതാണ്. ഓരോ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിയിലും ലഭ്യമാക്കാവുന്ന ഇത്തരം ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ വിവരങ്ങൾ മൃഗസംരക്ഷണ വകുപ്പ് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്. ഇവർക്ക് 11.02..2021 തീയതിയിലെ സ.ഉ.(പി) നം.29/2021/ധന അനുബന്ധത്തിലെ കാറ്റഗറി 1 ൽ കൂടാത്ത ദിവസവേതനം അതാത് തദ്ദേശസ്ഥാപനങ്ങൾക്കു നിശ്ചയിക്കാവുന്നതാണ്.

5. നിലവിൽ വളർത്തുനായ്ക്കൾക്ക് മൃഗാശുപത്രിയിൽ വച്ച് നടത്തുന്ന പേവിഷപ്രതിരോധ കുത്തിവയ്പിന് ഒ.പി. ടിക്കറ്റ് ചാർജ്ജ് ഇനത്തിൽ 15/- രൂപയും വാക്സിനേഷൻ സർട്ടിഫിക്കറ്റ് ചാർജ്ജ് ഇനത്തിൽ 15/- രൂപയും ചേർത്ത് 30/- രൂപയാണ് ഈടാക്കുന്നത്. വാക്സിൻ ചാർജ്ജ് ഈടാക്കുന്നില്ല. വാക്സിനേഷൻ നടത്തുന്ന നായകളുടെ ഉടമസ്ഥരോട് വാക്സിനേഷൻ സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്ത് തദ്ദേശസ്വയംഭരണ സ്ഥാപന ലൈസൻസിനു വേണ്ടി അപേക്ഷിക്കുന്നതിന് വാക്സിനേഷൻ സമയത്തു തന്നെ നിർദ്ദേശം നൽകേണ്ടതാണ്. ലൈസൻസിനുള്ള അപേക്ഷ നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ ഓഫീസ് സന്ദർശിക്കാതെ തന്നെ ILGMS സോഫ്റ്റ് വെയറിന്റെ ഭാഗമായ citizen.lsgkerala.gov.in എന്ന വെബ്സൈറ്റ് വഴി ഫീസ് അടച്ചു നൽകാവുന്നതാണെന്നും ലൈസൻസ് അതുവഴിയും തപാലിലും ലഭിക്കുന്നതുമാണെന്നും ഉടമസ്ഥരെ അറിയിക്കേണ്ടതാണ്. ഫ്രണ്ട്

ഓഫീസിലെത്തുന്ന അപേക്ഷകരെ അപേക്ഷ നൽകുന്നതിനായി മറ്റു കേന്ദ്രങ്ങളിലേക്ക് പറഞ്ഞയയ്ക്കാൻ പാടില്ലാത്തതാണ്.

6. നഗരസഭകളുടെ കാര്യത്തിൽ അതത് ബൈലോ പ്രകാരവും ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ 1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരവുമാണ് ലൈസൻസ് നൽകുന്നത്. ഗ്രാമപഞ്ചായത്തുകളുടെ ലൈസൻസ് ഫീസ് ചട്ടം 4 ൽ നിശ്ചയിച്ചിരിക്കുന്ന 10/- രൂപ എന്നത് 15.10.22 മുതൽ 50/- രൂപയായി വർദ്ധിപ്പിക്കുന്നു.

7. പേവിഷ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ / ഡോഗ്ക്യാച്ചർ / മൃഗപരിപാലകർ എന്നിവർക്ക് മതിയായ പേവിഷ പ്രതിരോധ കുത്തിവെയ്പ്പ് ഉറപ്പുവരുത്താൻ ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

8. തെരുവുനായ്ക്കളുടെ വാക്സിനേഷനും വന്ധ്യംകരിക്കുന്നതിനുമായി അവയെ കേന്ദ്രങ്ങളിലേക്ക് കൊണ്ടുവരുന്ന വ്യക്തികൾക്ക് 500/- രൂപ പ്രതിഫലമായി നൽകണമെന്നത് എ ബി സി പ്രവർത്തനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
4. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
5. ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
6. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
7. സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
8. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
9. പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
10. ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ, തിരുവനന്തപുരം.
11. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം.

12. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

19. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.

14. എല്ലാ ജില്ലാ കളക്ടർമാർക്കും.

19. എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും. (സംസ്ഥാന പോലീസ് മേധാവി മുഖേന)

16. എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും. (ജില്ലാ കളക്ടർ മുഖേന)

17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (മെമ്പർ സെക്രട്ടറി മുഖേന)

18. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും. (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

19. എല്ലാ മൃഗസംരക്ഷണ വകുപ്പ് ജോയിന്റ് ഡയറക്ടർമാർക്കും. (മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന).

20. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

21. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും. (ഗ്രാമവികസന കമ്മീഷണർ മുഖേന)

22. എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

23. എല്ലാ നഗരസഭകളിലെയും മേയർമാർക്കും / ചെയർമാൻമാർക്കും, സെക്രട്ടറിമാർക്കും. (നഗരകാര്യ ഡയറക്ടർ മുഖേന)

24. രജിസ്ട്രാർ, കേരള വെറ്റിനറി & അനിമൽ സയൻസ് സർവ്വകലാശാല, പൂക്കോട്, വയനാട്.

25. രജിസ്ട്രാർ, കേരള ആരോഗ്യ സർവ്വകലാശാല.

26. മൃഗസംരക്ഷണ വകുപ്പ്.

27. ആരോഗ്യവകുപ്പ് .

28.എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

29. ഐ. & പി. ആർ. വെബ് ന്യൂ മീഡിയ. (പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി)

30. കരുതൽ ശേഖരം / ഓഫീസ് പകർപ്പ് (ആർ.സി.3/346/2022/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്
2. ബഹു. റവന്യു വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്
3. ബഹു. മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്
4. ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ പി.എസ്. .-ന്
5. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-ക്ക്
6. മൃഗസംരക്ഷണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-ക്ക്
7. ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-ക്ക്